GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/08/2026

1) ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെയുടെയും ആഭിമിഖ്യത്തിൽ ഓണക്കാലത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടലിനുമായി സംസ്ഥാനത്തുടനിളം സംസ്ഥാനാ കൃഷിവകുപ്പ് 2000 **ഓണസമൃദ്ധി കർഷകച്ചന്തകൾ** ആരംഭിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അറിയിച്ചു. ഇതിനായി സർക്കാർ 20 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ആഗസ്റ്റ് 22 മുതൽ 25 വരെയാണ് കർഷകച്ചന്തകൾ പ്രവർത്തിക്കുക. **ഓണസമൃദ്ധി കർഷകച്ചന്ത**കളുടെ സംസ്ഥാനതല ഉത്ഘാടനം ആഗസ്റ്റ് 22 ന് ശനിയാഴ്ച രാവിലെ 10.30 ന് കുടപ്പനക്കുന്ന് കൃഷിഭവൻ അംഗണത്തിൽ ആരോഗ്യ ദേവസ്വംബോർഡ് മന്ത്രി കെ. മുരളീധരൻ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ വെച്ച് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി

സിദ്ധിഖ് നിർവ്വഹിക്കുന്നു. തിരുവനന്തപുരം എം പി ഡോ.ശശിതരൂർ, കോർപ്പറേഷൻ മേയർ വി.വി രാജേഷ്, മറ്റു ജനപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

2) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ] ഇ-ലേണിംഗ്) **സെപ്റ്റംബർ 15 ന് ആരംഭിക്കുന്ന** "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റ് ലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. 15 ഒക്ടോബർ 2026-ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ഇ-മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3) കോഴിക്കോട് ജില്ല വെറ്ററിനറി കേന്ദ്രം പരിസരത്ത് വെച്ച് 45 തൽ 60 ദിവസം വരെ പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട അത്യുൽപാദന ശേഷിയുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തിയ മുട്ടക്കോഴി കുഞ്ഞുങ്ങളെ 22.08.2026 ന് ശനിയാഴ്ച വിതരണം ചെയ്യും. കോഴിക്കുഞ്ഞ് ഒന്നിന് 130 രൂ പയാണ് വില. വിതരണം ചെയ്യുന്ന

സമയം. രാവി ലെ 9 മുതൽ 12 മണിവരെ. കൂടുതൽ വിവരങ്ങൾക്ക് 9847932809 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിപണി ഇടപെടലിന്റെ ഭാഗമായി സംഘടിപ്പിക്കിക്കുന്ന **ഓണസമൃദ്ധി കർഷകച്ചന്തകൾ** ചാത്തന്നൂർ ബ്ലോക്കിൽ, ചിറക്കര, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, നെടുമ്പന, പരവൂർ, പൂതക്കുളം കൃഷിഭവനുകൾ ഓഗസ്റ്റ് 22 മുതൽ 25 വരെ നടത്തുന്നു. കർഷകരിൽ നിന്നും വിപണി വിലയേക്കാൾ 10 % കൂടിയ വിലയ്ക്ക് ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും വിപണി വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഈ വർഷം, കർഷക രജിസ്ട്രേഷൻ പോർട്ടൽ ആയ “കതിർ” ആപ്പ് രജിസ്ട്രേഷൻ ഉള്ള കർഷകരിൽ നിന്ന് മാത്രമാണ് ഓണച്ചന്തയ്ക്ക് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത്. വിപണനത്തിന് UPI പേയ്മെന്റ് സംവിധാനവും ഓൺലൈൻ ബില്ലിംഗ് സംവിധാനവും ഏർപ്പെടിത്തിയിട്ടുണ്ട്. കർഷക ചന്തയ്ക്ക് ഉൽപ്പന്നങ്ങൾ നൽകാനുള്ള കർഷകർ മുൻകൂട്ടി “കതിർ” ആപ്പ് രജിസ്ട്രേഷൻ ചെയ്യേണ്ടതും ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ കൃഷിഭവനിൽ 21.08.2026 ന് തന്നെ അറിയിക്കേണ്ടതുമാണെന്ന് ചാത്തന്നൂർ കൃഷി അസ്സ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ബന്ധപ്പെടെണ്ട ഫോൺ നമ്പർ 9497780634.

5) ലോക പശുദിനത്തോടനുബന്ധിച്ച് പശുവളർത്തൽ സംരംഭകരുടെ സംഗമവും പണം ചുരത്തും പശു എന്ന വിഷയത്തിൽ സെമിനാറും 2026 സെപ്തംബർ 1 ന് ചൊവ്വാഴ്ച തെക്കിബസാറിലുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. സെമിനാറിൽ കർഷകർക്ക് കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി സംവദിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോ ൾ ബോർഡ്, ബാങ്ക് എന്നിവയുടെ പ്രതിനിധികൾ അവരവർ മുഖേന നടത്തുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ആദ്യം വിളിക്കുന്ന 100 പേർക്കായിരിക്കും പ്രവേശനം.

6) 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം

ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം **ആഗസ്റ്റ്** 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.

7) ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ഉറപ്പാക്കുന്നതിനായി ക്ഷീര വികസന വകുപ്പ് ഊർജിത പാൽ പരിശോധനാ സംവിധാനം ഒരുക്കുന്നു. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര വികസന വകുപ്പിന്റെ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ 2026 ഓഗസ്റ്റ് 20 മുതൽ 24 വരെ ഓണക്കാല പ്രത്യേക പാൽ പരിശോധനയും ഇൻഫർമേഷൻ സെന്ററും പ്രവർത്തിക്കും. പരിശോധനയിൽ ഗുണനിലവാരമില്ലാത്തതോ സുരക്ഷിതമല്ലാത്തതോ ആയ പാൽ കണ്ടെത്തുന്ന പക്ഷം തുടർനടപടികൾക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിനെ വിവരം അറിയിക്കും. കർഷകർ ഉത്പാദിപ്പിക്കുന്ന പാലിന്റെയും പൊതുജനങ്ങൾ ഉപയോഗിക്കുന്ന പാലിന്റെയും സൗജന്യ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം ജില്ലാ

ക്വാളിറ്റി കൺട്രോൾ ലാബിൽ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ക്ഷീര വികസന വകുപ്പ് അറിയിച്ചു. പരിശോധനയ്ക്കായി കുറഞ്ഞത് 200 മില്ലി ലിറ്റർ സാമ്പിൾ പാൽ എത്തിക്കണം. പാക്കറ്റ് പാലാണെങ്കിൽ പാക്കറ്റ് പൊട്ടിക്കാതെ, ശേഖരിച്ച ഉടൻ തന്നെ പരിശോധനയ്ക്കായി ലാബിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും പാൽ പരിശോധനയുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും പട്ടത്തുള്ള ക്ഷീര വികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ഓഫീസുമായി 0471-2440217 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.